# ഉടുമ്പൻചോല പോലീസ് സ്റ്റേഷൻ



സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നിർമ്മാണം പൂർത്തീകരിച്ച പോലീസ് സ്റ്റേഷനുകളുടെയും, മറ്റു പോലീസ് കെട്ടിടങ്ങളുടേയും ഔദ്യോഗിക ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ 2020 ജൂലൈ 23 -ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ നിർവഹിച്ചു. ഇടുക്കിയിലെ ഉടുമ്പൻചോല പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടവും ചടങ്ങിൽ ഉൾപ്പെടുന്നു.






ബഹു.വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം എം മണി അവർകൾ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഇടുക്കി എം.പി ശ്രീ. ഡീൻ കുര്യാക്കോസ്, എം.എൽ.എ മാരായ ശ്രീ.റോഷി അഗസ്റ്റ്യൻ, ശ്രീ. എസ്.രാജേന്ദ്രൻ, ശ്രീമതി. ഇ.എസ് ബിജിമോൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി. കൊച്ചുത്രേസ്യ പൗലോസ് തുടങ്ങിയ ജനപ്രതിനിധികളും, സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക്നാഥ് ബഹ്റ ഐ.പി.എസ് അവർകൾ, ജില്ലാ പോലീസ് മേധാവി ശ്രീ. ആർ കറുപ്പസാമി ഐ.പി.എസ് ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ, മറ്റ് പോലീസ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ സന്നിഹിതരായി.



സ്റ്റേഷന്റെ പ്രതീകാത്മക ഉദ്ഘാടനം പോലീസ് ഇൻസ്പെക്ടർ ശ്രീ. ഷൈൻകുമാർ .എ നിർവ്വഹിച്ചു.





*****************************************************